53/DGE/HSE/NSS/2020

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
ഹയർസെക്കണ്ടറി വിഭാഗം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,
ശാന്തി നഗർ, തിരുവനന്തപുരം
19/06/2020

## സർക്കുലർ

കേരള ഗ്രന്ഥശാലാ സംഘത്തിന്റെ സ്ഥാപകനായ പി. എൻ പണിക്കരുടെ ചരമ ദിനമായ ജൂൺ 19 മുതലുള്ള ഒരാഴ്ചക്കാലം വായനാവാരമായി സംസ്ഥാനം ആചരിച്ചുവരികയാണ്.

ലോക് ഡൗൺ കാലത്ത് ഓൺ-ലൈൻ ക്ലാസുകളുടെയും പഠനത്തിന്റെയും ഇടവേളകളിൽ വോളന്റിയർമാർ വായനയ്ക്കായി സമയം നീക്കിവയ്ക്കേണ്ടതാണ്.

ഈ വർഷം നാഷണൽ സർവ്വീസ് സ്കീം യൂണിറ്റുകൾ സംസ്ഥാന വ്യാപകമായി ജൂൺ 19 മുതൽ 25 വരെ വായനാവാരമായി സംഘടിപ്പിക്കേണ്ടതാണ്. പ്രോഗ്രാം ഓഫീസർമാർ വിദ്യാർത്ഥികൾക്ക് ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ ഓൺലൈനായി നൽകുകയും വായിച്ച പുസ്തകങ്ങളുടെ റിവ്യൂ തയ്യാറാക്കാൻ നിർദ്ദേശിക്കുകയും വേണം. മികച്ച പുസ്തകാവലോകനങ്ങൾക്ക് യൂണിറ്റുതലത്തിൽ അംഗീകാരം നൽകാവുന്നതാണ്.

ഒരു വോളണ്ടിയർ ഒരു പുസ്തകമെങ്കിലും വായിച്ചുവെന്ന് പ്രോഗ്രാം ഓഫീസർമാർ ഉറപ്പാക്കേണ്ടതാണ്. ജില്ലാതലങ്ങളിൽ വായനയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ജില്ലാകൺവീനർമാരുടെ നേതൃത്വത്തിൽ സംഘടിപ്പിക്കാവുന്നതാണ്. അദ്ധ്യാപകർ, സാഹിത്യകാരൻമാർ, സാംസ്കാരിക പ്രവർത്തകർ തുടങ്ങിയവരുടെ സന്ദേശങ്ങൾ ഓൺലൈൻ മാധ്യമങ്ങളിലൂടെ വിദ്യാർത്ഥികളിൽ എത്തിക്കേണ്ടതാണ്.

വായനാവാരവുമായി ബന്ധപ്പെട്ട് സംഘടിപ്പിക്കുന്ന പ്രവർത്തനങ്ങൾ വോളണ്ടിയർമാർ ഡയറിയിൽ രേഖപ്പെടുത്തുകയും റഗുലർ ആക്ടിവിറ്റി മണിക്കൂറുകളിൽ ഉൾപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

ഒപ്പ്
ഡോ.ജേക്കബ് ജോൺ
പ്രോഗ്രാം കോഡിനേറ്റർ